I ഇ.ബി.XIII –കേരള നിയമസഭ/X—7

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 22, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

**'കാപ്പ ' നിയമത്തിന്റെ ദുരുപയോഗം**

മി.സ്പീക്കർ: സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ഉപയോഗിച്ച് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ യുവജന-വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ കള്ളക്കേസുകളിൽ കുടുക്കി നാടുകടത്തിയിരിക്കുന്നതുമൂലം അവരുടെ കുടുംബങ്ങളിലും ജനങ്ങളിലുമാകെ

ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജയിംസ് മാത്യു, വി.എസ്. സുനിൽകുമാർ, മാത്യു.ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരം കണ്ണൂർ ജില്ലയിൽ പ്രവേശിക്കുന്നത് നിയന്ത്രിച്ചുകൊണ്ടുള്ള താൽക്കാലിക തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് കണ്ണൂർ റേഞ്ച് ഐ.ജി.പി. കോഴിക്കോട് ജില്ലയിലെ സി.പി.ഐ. (എം) പ്രവർത്തകരായ അനൂപ്, മനോജൻ എന്നിവർക്കെതിരെയും കണ്ണൂർ ജില്ലയിലെ രാജേഷ്, റിനീഷ്, സുരജ് എന്നിവർക്കെതിരെയും കാപ്പ ആക്ട് സെക്ഷൻ 15 പ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാപ്പ ആക്ട് രണ്ടാം ഉപവകുപ്പിൽ റൗഡി എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താനാവശ്യമായി പ്രതിപാദിച്ചിട്ടുള്ള കുറ്റകൃത്യങ്ങളിൽ പ്രതിയായതിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞവർക്ക് നോട്ടീസ് നൽകിയത്. ഇത്തരം വ്യക്തികളെ കുറ്റകൃത്യങ്ങളിൽനിന്ന് പിന്തിരിപ്പിക്കുന്നതിനായി യഥാസമയം നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും വീണ്ടും പൊതുജനങ്ങളുടെ സമാധാനപരമായ ജീവിതത്തിന് ഭീഷണി

ജനിപ്പിക്കുന്നതിനാലാണ് അവരുടെ സാന്നിധ്യം പ്രദേശത്തുനിന്ന് ഒരു വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളനുസരിച്ച് നടപടിയെടുക്കുന്നത്. ഈ നോട്ടീസിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തിക്ക് പറയാനുള്ള അവസരം നൽകിയതിനുശേഷം മാത്രമേ നോട്ടീസ് നൽകിയ ഉദ്യോഗസ്ഥന് തുടർ നടപടിയെടുക്കാൻ അധികാരമുള്ളൂ. ജില്ലാ മജിസ്ട്രേട്ടോ ഐ.ജി.പി.യോ. പുറപ്പെടുവിക്കുന്ന ഉത്തരവിനെ അസ്ഥിരപ്പെടുത്താൻ മേലുദ്യോഗസ്ഥർക്ക് ഈ നിയമ പ്രകാരം അധികാരമില്ല. ഈ നിയമം ദുരുപയോഗപ്പെടുത്താതിരിക്കാൻ തക്കതായ വകുപ്പുകൾ കാപ്പ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ ഇതുപ്രകാരം നടപടി എടുക്കപ്പെടുന്ന ഏതൊരു വ്യക്തിക്കും ഉപദേശക ബോർഡ്, സർക്കാർ എന്നിവയിലൊന്നിൽ പരാതി നൽകി പരിഹാരം കണ്ടെത്താവുന്നതാണ്. രാഷ്ട്രീയ പ്രവർത്തകരുടെ പേരിൽ കാപ്പ നിയമം ഒരു കാരണവശാലും മനപ്പൂർവ്വം പ്രയോഗിക്കരുതെന്നാണ് ഈ സർക്കാരിന്റെ നിലപാട്. ഗുരുതരമായ കുറ്റകൃത്യങ്ങളിലേർപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകർക്കും ഈ നിയമം ബാധകമാണ്.

ശ്രീ. ജയിംസ് മാത്യു: ഇപ്പോൾ കാപ്പ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി വിശദീകരണ നോട്ടീസ് കൊടുക്കുകയും നാടുകടത്താൻ ഉത്തരവാകുകയും ചെയ്തിരിക്കുന്നത് വിദ്യാർത്ഥി-യുവജന പ്രവർത്തകർക്കെതിരെയാണ്. വിവിധ സമരങ്ങളിൽ പങ്കെടുത്തുവെന്നുള്ളതാണ് ഇവർ ചെയ്തിരിക്കുന്ന കുറ്റകൃത്യം.

'അറിയപ്പെടുന്ന റൗഡി' എന്ന ക്ലാസിലാണ് ഇവരെ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ഥലം ഐ.ജി. യുടെ റാങ്കിലുള്ള ഉദ്യോഗസ്ഥന് ലഭിക്കുന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 'അറിയപ്പെടുന്ന റൗഡി' എന്നത് തീരുമാനിക്കുന്നത്. ന്യായമായി രാഷ്ട്രിയ പ്രവർത്തനം നടത്തുന്നവർക്ക് ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കാനവസരം നിഷേധിക്കുന്ന അവസ്ഥയാണ്. ഇത് തികച്ചും രാഷ്ട്രീയ പക്ഷപാതിത്ത ത്തോടുകൂടി നടത്തുന്ന പ്രവർത്തിയാണ്. കുറ്റകൃത്യങ്ങൾ വർദ്ധിച്ച ഒരു കാലഘട്ടത്തിലാണ് കാപ്പ നിയമം കൊണ്ടുവന്നിരിക്കുന്നത്. നിരന്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനാണ് 'കാപ്പ' നിയമം കൊണ്ടുവന്നത്. കേസുകളിൽ പ്രതികളാക്കപ്പെട്ടു എന്നതുകൊണ്ടുമാത്രം വ്യക്തികളുടെ പേരിൽ 'അറിയപ്പെടുന്ന റൗഡി' എന്ന നിലയിൽ നടപടിയെടുക്കുന്നതിനെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുകയില്ല. കൊടുംകുറ്റവാളികൾക്കെതിരെ മാത്രം പ്രയോഗിക്കുന്നതിനുവേണ്ടി എല്.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന കാപ്പാ നിയമം സമാധാനപരമായി പൊതുപ്രവർത്തനം നടത്തുന്നവരും സന്നദ്ധസേവനം നടത്തുന്നവരുമായ രാഷ്ട്രീയക്കാർക്കെതിരെ ഉപയോഗിച്ച് അവരെ നാടുകടത്താനും ജയിലിലിലടയ്ക്കാനുമുള്ള സർക്കാരിന്റെ നീക്കം ഉപേക്ഷിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്തുക എന്ന ലക്ഷ്യത്തോടെ പൊതു പ്രവർത്തകരുടെമേൽ കാപ്പാ നിയമം പ്രയോഗിക്കുകയെന്നുള്ളത് ഈ സർക്കാരിന്റെ നയമല്ല. രാഷ്ട്രീയ പ്രവർത്തകർ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസ്സുകളിൽ ഈ നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ടെങ്കിലും പരാതിക്കാർക്ക് കാപ്പാ ആക്ട് അഡ്വൈസറി ബോർഡിനും സർക്കാരിനും മുമ്പാകെ അപ്പീൽ കൊടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഈ നിയമം ദുരുപയോഗം ചെയ്യാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദന്, ഇ. ചന്ദ്രശേഖരന്, മാത്യു. ടി. തോമസ്, എ.എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധക്ഷണിക്കൽ :**

## (1) ഫാക്ട് നേരിടുന്ന പ്രതിസന്ധി

ശ്രീ. ബെന്നി ബെഹനാൻ : പ്രവർത്തന മൂലധനമില്ലായ്മ, ഉൽപ്പാദനച്ചെലവ്, രാസവളങ്ങളുടെ വിലവർദ്ധനവ് തുടങ്ങി വിവിധ കാരണങ്ങളാൽ ഗുരുതരമായ പ്രതിസന്ധിയാണ് ഫാക്ട് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. എല്.എന്.ജി. ഉപയോഗിച്ച് ഉൽപ്പാദനം നടത്തിയാൽ ലാഭമുണ്ടാകുമെന്ന ധാരണയിൽ തൊണ്ണൂറ് കോടി രൂപ ചെലവഴിച്ച് മൂന്ന് പ്ലാന്റുകൾ ഇതിലേയ്ക്ക് കൺവെർട്ട് ചെയ്തെങ്കിലും എല്.എന്.ജി. യുടെ അമിത വിലവർദ്ധനവുമൂലം മുന്നോട്ട് പോകാനാകാത്ത സ്ഥിതിയാണ്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കിക്കൊണ്ട് പ്രശ്നം പരിഹരിക്കണം. പ്രകൃതിദത്ത വാതകത്തിന്റെ ഒരു ഓഹരി ലഭിക്കുന്നതിനും കുറഞ്ഞ വിലയ്ക്ക് എല്.എന്.ജി. ഇറക്കുമതി ചെയ്യുന്നതിനും സർക്കാർ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണം. മുടങ്ങിക്കിടക്കുന്ന കൊച്ചിയിലെ യൂറിയ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടിയുണ്ടാകണം. ഫാക്ടിനെ രക്ഷിക്കാൻ സംസ്ഥാനസർക്കാർ കേന്ദ്രത്തിൽ സമർപ്പിച്ച ഫിനാൻഷ്യൽ പാക്കേജ് എത്രയും വേഗം അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഫാക്ട് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടു കൂടിയാണ് കൈകാര്യം ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യ ത്തിൽ കൂടിയ യോഗത്തിൽ ഫാക്ടിന്റെ പ്രതിസന്ധി സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യേണ്ട കാര്യങ്ങളുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ടിന്റെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. എല്.എന്.ജി.-യുടെ വാറ്റ് നീക്കം ചെയ്യുന്നതുസംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്.

## (2) **കോളേജുകൾക്കുള്ള സ്വയംഭരണാ വകാശം**

ശ്രീ. റ്റി.വി. രാജേഷ് : സംസ്ഥാനത്തെ 13 കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ ശുപാർശ ചെയ്തിരിക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. വിദ്യാർത്ഥി പ്രവേശനം, കോഴ്സിന്റെ വിലയിരുത്തല്, പരീക്ഷ നടത്തിപ്പ് തുടങ്ങിയ കാര്യങ്ങൾ സർവ്വകലാശാലകളിൽനിന്നും ഒഴിവാക്കി കോളേജുകൾക്ക് ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. കോളേജുകൾ ശുപാർശ ചെയ്യുന്ന

വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റ് നൽകുകയെന്ന ഉത്തരവാദിത്വം മാത്രമേ സർവ്വകലാശാലകൾക്കു മേലിൽ ഉണ്ടാകുകയുള്ളൂ. സ്വയംഭരണാവകാശം നൽകുകവഴി കൂടുതൽ ഫീസ് ചുമത്തി ലാഭമുണ്ടാക്കാവുന്ന കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇത്തരം കോളേജുകൾക്ക് ലഭിക്കുകയാണ്. കോളേജുകൾ രൂപകൽപ്പന ചെയ്യുന്ന കോഴ്സിലും സിലബസിലും വർഗ്ഗീയ താൽപ്പര്യങ്ങൾ കടന്നുകൂടാൻ ഇത് വഴിയൊരുക്കും. ഗവേണിംഗ് ബോഡിയിൽ നാല് വിദഗ്ദ്ധരെ കോളേജിന് പുറത്തുനിന്ന് നോമിനേറ്റ് ചെയ്യാനുള്ള അവകാശം മാനേജ്മെന്റിന് നൽകുന്നത് അക്കാദമിക് കാര്യങ്ങളിൽ മാനേജ്മെന്റിന് ദു:സ്വാധീനം ചെലുത്താൻ വഴിയൊരുക്കുന്നതാണ്. ഈ വിഷയത്തിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥി കൾക്കും ഉണ്ടായിരിക്കുന്ന ആശങ്കകൾ ദൂരീകരിക്കാനും ഇപ്പോൾ നൽകിയിരിക്കുന്ന ശുപാർശ പിൻവലിക്കാനും തയ്യാറാകണം. ഈ വിഷയം സംബന്ധിച്ച് അദ്ധ്യാപകരുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : ഉന്നത നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച സമിതിയുടെ ശുപാർശകൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 2014-15 അദ്ധ്യയന വർഷംമുതൽ

അർഹമായ കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ നിർദ്ദേശിക്കുകയുണ്ടായി. സർക്കാരിന്റെ ഇടപെടലില്ലാതെ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നൽകാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾക്ക് സർവ്വകലാശാലകളുടെയും സർക്കാരിന്റെയും അനുമതിയോടുകൂടി പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. സ്വയംഭരണാവകാശം സംബന്ധിച്ച പുതിയ അദ്ധ്യായം കേരള, എം.ജി., കണ്ണൂർ സർവ്വകലാശാലകളുടെ ആക്റ്റിൽ ഉൾപ്പെടുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വയംഭരണ പദവി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച വിവിധ കോളേജുകളിൽനിന്നും മാനദണ്ഡപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പതിമൂന്ന് ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സി. യോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സ്വയംഭരണ കോളേജുകളിലെ നിർദ്ദിഷ്ട ഗവേണിംഗ് കൗൺസിൽ സമർപ്പിക്കുന്ന കോഴ്സുകൾ സംബന്ധിച്ച ശുപാർശകളിന്മേൽ അന്തിമ തീരുമാനമെടുക്കുന്നത് സർവ്വകലാശാലകളാണ്.

സർവ്വകലാശാല സിൻഡിക്കേറ്റിനോ അല്ലെങ്കിൽ സിൻഡിക്കേറ്റ് രൂപീകരിക്കുന്ന വിദഗ്ദ്ധ സമിതിക്കോ കോളേജുകളിൽ പരിശോധന നടത്തുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. സ്വയംഭരണ കോളേജുകളിലെ കോഴ്സുകള്, പാഠ്യപദ്ധതി എന്നിവ സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിൽ പരിഗണിച്ചശേഷം ആവശ്യമായ ശുപാർശ സഹിതം ഗവേണിംഗ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്. ഓരോ വിഷയത്തിലുമുള്ള പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, ഡിഗ്രി, ഡിപ്ലോമ സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനായി ബന്ധപ്പെട്ട സർവ്വകലാശാലയോട് ശുപാർശ ചെയ്യുക, മാർക്ക് ലിസ്റ്റ് നൽകുക എന്നിവയാണ് ഗവേണിംഗ് കൗൺസിലിന്റെ പ്രധാന അധികാരങ്ങള്. സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്ന കോഴ്സുകളിലെ ഫീസ് സർക്കാരിന്റെയും സർവ്വകലാശാലയുടെയും അനുമതിയോടുകൂടി മാത്രമായിരിക്കും നിശ്ചയിക്കുക. സ്വയംഭരണ കോളേജുകളിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ, സർക്കാരുമായി എയ്ഡഡ് കോളേജ് മാനേജ്മെന്റ് ഏർപ്പെട്ടിട്ടുള്ള കരാറിന് അനുസൃതമായി തുടരുന്നതും സ്വയംഭരണാവകാശം അനുവദിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കോളേജ് മാനേജ്മെന്റുകൾ തന്നെ വഹിക്കേണ്ടതുമാണ്.

**സബ്മിഷൻ**

## (1) <u>പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ):</u> തകർച്ചയുടെ വക്കിലെത്തിനിൽക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനുംവേണ്ടി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകണം. ഇവരുടെ ക്ഷേമപെൻഷൻ, പി.എഫ്. പെൻഷൻ എന്നിവയുടെ തുകകൾ വർദ്ധിപ്പിക്കാനും അടിയന്തര ആശ്വാസമായി ധനസഹായം നൽകാനും അതാത് മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്കുള്ള പ്രശ്ന പരിഹാരം കണ്ടെത്താനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബി ജോൺ):</u> പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കേണ്ടത് വ്യവസായ വകുപ്പാണ്. ഓരോ മേഖലയേയും ഇൻകം സപ്പോർട്ട് സ്കീമിന്റെ പരിധിയിൽ കൊണ്ടുവന്ന് ധനസഹായം നൽകുന്നുണ്ട്. കയർ തൊഴിലാളികളുടെ മിനിമം കൂലിയും ക്ഷേമപെൻഷൻ തുകയും വർദ്ധിപ്പിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ 1500 രൂപ വച്ച് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നുണ്ട്. പി.എഫ്.

പെൻഷൻ തുക അപര്യാപ്തമാണെന്ന അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കൈത്തറി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതി തയ്യാറാക്കി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയ്ക്ക് ആവശ്യമായ സപ്പോർട്ട് നൽകണമെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഈറ്റത്തൊഴിലാളികൾക്ക് മിനിമം കൂലി കൊടുക്കുന്ന കാര്യവും പരിഗണനയിലാണ്. ടെക്സ്റ്റയിൽ മില്ലുകൾക്കായി പ്രത്യേക പാക്കേജ് വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ പരമ്പരാഗത വ്യവസായ മേഖലയുടേയും പ്രശ്നങ്ങൾ ഗൗരവത്തിലെടുത്ത് പദ്ധതി തയ്യാറാക്കി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

(2) **ശിക്ഷാ നടപടി**

ശ്രീമതി ജമീലാ പ്രകാശം: ജനതാദൾ (എസ്)-ന്റെ സംസ്ഥാന കമ്മിറ്റി അംഗവും ജെ.ടി.സി. യുടെ സംസ്ഥാന വൈസ് പ്രസിഡന്റുമായ അഡ്വ. ബിജിലി ജോസഫിനേയും കുടുംബത്തെയും ആലപ്പുഴ ബീച്ചിൽവച്ച് അധിക്ഷേപിക്കുകയും കള്ളക്കേസിൽ കുടുക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്ത് ശിക്ഷാ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴയിൽ ബീച്ച് ഫെസ്റ്റിവലിനോടനുബന്ധിച്ച് വി.ഐ.പി. കളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലത്തേയ്ക്ക് അഡ്വ. ബിജിലി ജോസഫ് കാർ ഓടിച്ചുകയറ്റുന്നത് കണ്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ. വാഹനം തടഞ്ഞപ്പോൾ അദ്ദേഹത്തെ അസഭ്യം വിളിച്ചുകൊണ്ട് തട്ടിക്കയറി. ഇതുകണ്ട നാട്ടുകാർ പ്രശ്നത്തിൽ ഇടപെടുകയും അവരുമായി അഡ്വ. ബിജിലി ജോസഫ് വാക്കുതർക്കമുണ്ടാക്കുകയും ചെയ്തു. പ്രശ്നം കൂടുതൽ രൂക്ഷമാകാതിരിക്കാനും അഡ്വ. ബിജിലി ജോസഫിന്റെ സുരക്ഷയെ കരുതിയുമാണ് ആലപ്പുഴ നോർത്ത് സ്റ്റേഷനിലെ ഇൻസ്പെക്ടർ ടിയാളെ പോലീസ് ജീപ്പിൽ കയറ്റിയത്. പോലീസിന്റെ എതിർപ്പ് അവഗണിച്ച് ഭാര്യയും മകളും നിർബന്ധപൂർവ്വം ജീപ്പിൽ കയറിയതാണ്. സി.പി.ഒ. നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് രേഖപ്പെടുത്തുകയും രണ്ടുപേരുടെ ജാമ്യത്തിൽ വിട്ടയയ്ക്കുകയുമാണുണ്ടായത്. പ്രസ്തുത സംഭവത്തെപ്പറ്റി ആലപ്പുഴ പോലീസ് സൂപ്രണ്ടിനോട് അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## (3) കൊലക്കേസ് പ്രതികളെ പിടികൂടേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): ഉദുമ മാങ്ങാട് സ്വദേശിയായ എം.ബി ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസ്സിലെ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് കേസ് തെളിയിക്കാൻ ആവശ്യമായ

നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 16-9-13-ന് രാത്രി ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മാങ്ങാട് മോട്ടോർ സൈക്കിളിൽ യാത്ര ചെയ്തിരുന്ന സി.പി.എം. പ്രവർത്തകനായ എം.ബി. ബാലകൃഷ്ണനെ മൂന്നുപേർ തടഞ്ഞുനിറുത്തി രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ കുത്തിപരിക്കേൽപ്പിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തെ കാസർകോട്ടെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെട്ടു. അദ്ദേഹത്തിന്റെ സുഹൃത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ബേക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഒന്നാം പ്രതി ഹോസ്ദുർഗ് കോടതിയിൽ കീഴടങ്ങുകയും രണ്ട് മുതൽ അഞ്ച് വരെയുള്ള പ്രതികളെ കോടതിയിൽ റിമാൻഡ് ചെയ്യുകയും അഞ്ചാം പ്രതിയുടെ പേരിൽ ഹോസ്ദുർഗ് കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒളിവിൽപോയ ആറും ഏഴും പ്രതികളെ കണ്ടെത്തുന്നതിനായി ഹോസ്ദുർഗ്ഗ് പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

## (4) ആക്രമണ കേസ്സിലെ പ്രതികളെ പിടികൂടുന്നതു സംബന്ധിച്ച്

ശ്രീ. കെ. ദാസന്: കൊയിലാണ്ടി ചേമഞ്ചേരി പഞ്ചായത്തിൽ മണൽ

മാഫിയക്കെതിരെ പോരാടിയ സുരേഷിനെ ആക്രമിച്ച പ്രതികളെ നിയമത്തിനു മുന്നിൽകൊണ്ടുവന്ന് അദ്ദേഹത്തിന്റെ കുടുംബത്തിന് നീതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

9-12-2013-ന് രാത്രി ബി.ജെ.പി. പ്രവർത്തകരായ ഏഴ് പേരും കണ്ടാലറിയാവുന്ന എട്ടോളം പേരും ചേർന്ന് സുരേഷിന്റെ വീട്ടിൽ അതിക്രമിച്ച് കയറി അദ്ദേഹത്തെ സാരമായി പരിക്കേൽപ്പിച്ച സംഭവത്തെത്തുടർന്ന് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥലത്തെ പൊതു പ്രവർത്തകനായ സുരേഷ് കാപ്പാട് ബീച്ചിലെ മണൽ മാഫിയക്കെതിരെ പോരാടിയതുകൊണ്ടാണ് ആക്രമിക്കപ്പെട്ടതെന്നാണ് അറിയാൻ സാധിച്ചത്. അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

## (5) പോലീസ് ഡ്രൈവർമാരുടെ കുറവ്

ശ്രീ ഐ.സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിൽ അടിയന്തരമായി നാല്പത്തിയൊന്ന് പോലീസ് ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പോലീസ് വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഡ്രൈവർമാരുടെ നിയമനം നിർത്തലാക്കുകയും സർക്കാർ ഉത്തരവിലൂടെ നിയമനം പി.എസ്.സി.ക്ക് വിടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ ഡ്രൈവിംഗ് ലൈസൻസുള്ള സി.പി.ഒ, എസ്.സി.പി.ഒ. മാരെ പോലീസ് വാഹനം ഓടിക്കാൻ നിയോഗിച്ചുവരികയാണ്. സ്ഥിരം സംവിധാനമെന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ലകളിലും വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തി റാങ്ക് ലിസ്റ്റ് എത്രയും പെട്ടെന്ന് പ്രസിദ്ധീകരിക്കുമെന്ന് പി.എസ്.സി. ഉറപ്പു നൽകിയിട്ടുണ്ട്.

## (6) അറസ്റ്റും റെയ്ഡും

ശ്രീ. സി. മോയിൻകുട്ടി: കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവമ്പാടി മണ്ഡലത്തിലുണ്ടായ ക്രമസമാധാന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അറസ്റ്റും റെയ്ഡുംമൂലം നാട്ടിൽ ഉളവായിരിക്കുന്ന ഭീതിജനകമായ അവസ്ഥ അവസാനിപ്പിക്കുന്നതിനും കേസ്സിൽ ഉൾപ്പെട്ട യഥാർത്ഥ പ്രതികളെ

നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കസ്തൂരിരംഗൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിൽ പ്രതിഷേധിച്ച് താമരശ്ശേരി സർക്കിളിൽപ്പെട്ട മലയോര പഞ്ചായത്തുകളിൽ നടന്ന ഹർത്താലിനിടെ ഉണ്ടായ അക്രമവുമായി ബന്ധപ്പെട്ട് 45 കേസ്സുകളിലായി പ്രതിചേർക്കപ്പെട്ട 3834 പേരിൽ 44 പേരെ അറസ്റ്റ് ചെയ്തു. അക്രമത്തിൽ പൊതുമുതൽ നശിപ്പിക്കുകവഴി സർക്കാരിന് 1,02,15,063 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. പ്രതികളെ പിടികൂടുന്നതിനായി വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നടത്തിയ റെയ്ഡിൽ ഉപദ്രവകരമായ രീതിയിൽ പോലീസ് യാതൊന്നും ചെയ്തിട്ടില്ല. ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യം നടത്തിയ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ ഹാജരാക്കേണ്ടത് നീതിന്യായ വ്യവസ്ഥയുടെ പരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. പോലീസിന്റെ ഭാഗത്തുനിന്നും നിരപരാധികൾക്കുനേരെ യാതൊരുവിധത്തിലുള്ള പ്രകോപനവും ഉണ്ടാകാൻ പാടില്ലെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## (7) കുന്നത്തറ വ്യവസായ നവീകരണ പാക്കേജ്

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരി മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റൈൽസ് വ്യവസായത്തിന്റെ നവീകരണത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കുന്നത്തറ ടെക്സ്റ്റൈൽസ് വ്യവസായത്തെ ഒരു ചെറുകിട വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

## (8) തൊഴിൽ സംരക്ഷണത്തിന് നിയമനിർമ്മാണം

ശ്രീ. വി. ശിവൻകുട്ടി: മൾട്ടിലെവൽ മാർക്കറ്റിംഗ് ജീവനക്കാരുടെ തൊഴിൽ സംരക്ഷണത്തിന് നിയമനിർമ്മാണം നടത്തണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ധാരാളം തൊഴിലവസരങ്ങൾ നൽകുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെ വ്യവസ്ഥാപിതമാക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## (9) ജൂനിയർ - സീനിയർ അദ്ധ്യാപകർക്ക് തുല്യ പരിഗണന

ശ്രീ. കെ.എന്.എ. ഖാദര്: ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തുല്യ യോഗ്യതയുള്ള ജൂനിയര്, സീനിയർ അദ്ധ്യാപകർക്ക് തുല്യ പരിഗണന കൊടുക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ പ്രകാരം ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ ജൂനിയര്, സീനിയർ എന്നിങ്ങനെ തരംതിരിക്കുന്നത്. രണ്ട്

വിഭാഗത്തിനും വ്യത്യസ്ത ശമ്പളസ്കെയിലുകളാണ് നിലവിലുള്ളത്. എച്ച്.എസ്.എസ്.റ്റി. ജൂനിയറിന് സമയബന്ധിത ഹയർ ഗ്രേഡ് മാത്രമേ ലഭിക്കുന്നുള്ളൂവെന്നതിനാൽ 5 വർഷം പൂർത്തിയാക്കുന്നവരെ സീനിയറായി പ്രൊമോട്ട് ചെയ്യണമെന്ന പ്രൊഫ. പി.ഒ.ജെ. ലബ്ബ കമ്മിറ്റിയുടെയും കരിക്കുലം കമ്മിറ്റിയുടേയും ശുപാർശയുടെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിലെ ചട്ടപ്രകാരം എച്ച്.എസ്.എസ്.റ്റി. ജൂനിയര്, സീനിയർ അദ്ധ്യാപകരെ ഒറ്റ ഗണത്തിൽപ്പെടുത്തുന്നത് പ്രായോഗികമല്ല.

## (10) മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ

ശ്രീ. അൻവർ സാദത്ത്: സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷനും ക്ഷേമനിധിയും ഇൻഷ്വറൻസും ഏർപ്പെടുത്തണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീര്): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്. നിലവിലുള്ള ജനപ്രതിനിധികളെ ആര്.എസ്.ബി.വൈ.-യിൽ

ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനാണ് ഇതിനാവശ്യമായ പ്രീമിയം തുക അടയ്ക്കുന്നത്.

## (11) നാദാപുരം - മുട്ടുംങ്ങൽ റോഡ്

ശ്രീ. ഇ. കെ. വിജയന്: നാദാപുരം - മുട്ടുംങ്ങൽ റോഡ് സംസ്ഥാന ഹൈവേ ആയി പ്രഖ്യാപിക്കണമെന്നും ബി.എം.&ബി.സി. ചെയ്ത് പരിഷ്കരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): നാദാപുരം - മുട്ടുംങ്ങൽ റോഡ് സംസ്ഥാന ഹൈവേ ആക്കുന്ന കാര്യം പരിശോധിക്കുന്നതും ബി.എം.&ബി.സി. ചെയ്ത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

## (12) നണിശ്ശേരിക്കടവ് പാലം

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ നണിശ്ശേരിക്കടവ് പാലം യാഥാർത്ഥ്യമാക്കുന്നതിനും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

നണിശ്ശേരിക്കടവ് പാലത്തിന്റെ അലൈൻമെന്റും പ്ലാനും അംഗീകരിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറായതിനുശേഷം ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പാലം പണിക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## (13) ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. ലൂഡി ലൂയിസ്: കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നിലവിലെ ഇ.പി.എഫ്. പദ്ധതിക്കുപുറമെ പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## (14) തെരുവുവിളക്ക് സ്ഥാപിക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: നഗരങ്ങളിലെയും ഗ്രാമ പ്രദേശങ്ങളിലെയും തെരുവുവിളക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും ആധുനിക

രീതിയിലുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സംസ്ഥാനത്തെ നഗരങ്ങളിലെ തെരുവു വിളക്കുകൾ എല്.ഇ.ഡി. യിലേക്ക് മാറ്റുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ നടപ്പാക്കുന്ന നഗരജ്യോതി എന്ന പദ്ധതി പൂർത്തിയാകുന്നതോടുകൂടി പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

## മേശപ്പുറത്തു വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## നിയമനിർമ്മാണ കാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എന്. ബാലകൃഷ്ണന്): 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കര്: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. സി. എന്. ബാലകൃഷ്ണന്: 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XI ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.എൻ. ബാലകൃഷ്ണൻ: 1969-ലെ സഹകരണ സംഘം നിയമത്തിലെ 2, 18, 80(എ) എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുവാനുദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. രണ്ടാം വകുപ്പിൽ ജില്ലാ സഹകരണ ബാങ്ക് എന്ന നിർവ്വചനത്തിൽ 'നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾക്കൂടി ഉൾപ്പെടുന്നതായ കേന്ദ്ര സംഘം' എന്ന ഭേദഗതിയിലൂടെ ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ താമസിക്കുന്ന ഏതൊരു വ്യക്തിഗത നിക്ഷേപകനെയോ

വായ്പക്കാരനെയോ അതിന്റെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്. ബാങ്കിങ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ജില്ലാ ബാങ്ക് 30-06-2013-ൽ 4 ശതമാനവും 31-3-2015-നകം 7 ശതമാനവും മൂലധനപര്യാപ്തത കൈവരിക്കണമെന്ന റിസർവ്വ് ബാങ്ക് നിർദ്ദേശം നിലവിലുണ്ട്. മൂലധനപര്യാപ്തത കൈവരിക്കാത്തപക്ഷം അത്തരം ബാങ്കുകളുടെ ബാങ്കിങ് ലൈസൻസ് നഷ്ടപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ വ്യക്തിഗത അംഗങ്ങളിൽനിന്നും പരമാവധി നിക്ഷേപം സമാഹരിക്കണമെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളിൽ ആ ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മാത്രമേ അംഗത്വം നൽകുന്നതിന് നിലവിൽ നിയമമുള്ളൂ. എന്നാൽ സംഘങ്ങൾക്കും വ്യക്തികൾക്കും വായ്പ നൽകുന്നുണ്ട്. അതിനാൽ ജില്ലാ സഹകരണ ബാങ്കിൽ ഇടപാട് നടത്തുന്നവർക്കുകൂടി അംഗത്വം നൽകുന്നതിനാണ് വകുപ്പ് 18-ൽ ഭേദഗതി വരുത്തുന്നത്. വകുപ്പ് 80 (എ)യിൽ സഹകരണ പെൻഷൻ സ്കീം എന്താണെന്നും അതിലെ അംഗങ്ങളാരാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് ജീവനക്കാർക്കൊപ്പം സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിലെ ജീവനക്കാർക്കുംകൂടി സഹകരണ പെൻഷൻ സ്കീമിൽ അംഗമാകുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും അവസരമുണ്ടാകുന്നതിനാണ് ഇതിൽ ഭേദഗതി വരുത്തുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: I move that - “This House resolves to disapprove The Kerala Co-operative Societies (Third Amendment) Ordinance, 2013 (Ordinance No. 55 of 2013)" ഗ്രാമീണ കൃഷിക്കാരെ ദ്രോഹിക്കാനും അതിലൂടെ വാണിജ്യ ബാങ്കുകളെയും സ്വകാര്യ ബാങ്കുകളെയും സഹായിക്കാനും കരുതിക്കൂട്ടിയുള്ള ഒരു തീരുമാനത്തിന്റെ ഭാഗമായി 1600-ലധികം വരുന്ന പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെ ഇല്ലാതാക്കുന്നതിനും ജില്ലാ ബാങ്കുകളെ മുഴുവൻ പിടിച്ചെടുക്കാനും ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. രണ്ടാം വകുപ്പിൽ പുതിയതായി ചേർക്കാനുദ്ദേശിക്കുന്ന (ia) എന്ന ഖണ്ഡത്തിലെ മൂന്നാം വരിയിലെ 'district,' 'having' എന്നീ വാക്കുകൾക്ക് ഇടയിലുണ്ടായിരുന്ന 'and' എന്ന വാക്ക് ഒഴിവാക്കി; അത് ഉണ്ടാകേണ്ടതാണ്. അഞ്ചാം വരിയിൽ 'such', 'district' എന്നീ വാക്കുകൾക്കിടയിൽ 'revenue' എന്നുകൂടി ചേർത്താൽ നന്നായിരുന്നു. സെക്ഷൻ 3-ൽ രണ്ടാംവരിയിൽ 'third' എന്നു പറയുന്നത് ശരിയല്ല. 'After the first proviso' എന്നാക്കുന്നതാണ് നല്ലത്. സെക്ഷൻ 80A-ൽ പറയുന്ന പെൻഷന് പ്രത്യേക സ്കീമും റൂൾസും വേണം. മൂലധന നിക്ഷേപത്തെപ്പറ്റിയുള്ള റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങളിലെ ചില കാര്യങ്ങൾ മാത്രമാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഓരോ സംഘങ്ങൾക്കും പ്രത്യേകം അപ്പെക്സ് സംഘങ്ങളുണ്ടെന്നിരിക്കെ എല്ലാവർക്കും മെമ്പർഷിപ്പ് കൊടുക്കാനുള്ള ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് പ്രാഥമിക സഹകരണ സംഘങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. വിദ്യാഭ്യാസവും സാമ്പത്തികവും ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനം വഹിക്കുന്ന പങ്ക് എടുത്തുപറയേണ്ട കാര്യമാണ്. കൺസ്യൂമർഫെഡിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി സംസ്ഥാനത്തിന്റെ പൊതുവിതരണ രംഗത്തുണ്ടായിരുന്ന വിലക്കയറ്റം തടയാൻ കഴിഞ്ഞുവെന്നത് പ്രശംസനീയമായ കാര്യമാണ്. രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നതിൽനിന്ന് സർക്കാർ പിന്മാറണം. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്താനെന്ന വ്യാജേന അഡ്മിനിസ്ട്രേറ്റർമാരെവച്ച് കാർഷിക വികസനബാങ്കുകളെ പിടിച്ചടക്കുന്ന നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യക്ക്തന്നെ അഭിമാനമായ കേരളത്തിലെ സഹകരണപ്രസ്ഥാനങ്ങളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ സർക്കാർ ഉറച്ച തീരുമാനമെടുക്കണം.

<u>ശ്രീ. ജെയിംസ് മാത്യു</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. നൂറ്റിപ്പത്ത് വർഷത്തെ പാരമ്പര്യമുള്ള സഹകരണപ്രസ്ഥാനത്തെ പൂർണ്ണമായും തകർക്കുന്ന നയസമീപനങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്നതല്ലാതെ അവയൊന്നും പാലിക്കാൻ തയ്യാറാകുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണപ്രസ്ഥാനങ്ങൾ ഇടപെട്ടതിന്റെ ഫലമായി അവയ്ക്ക് നേരിടേണ്ടിവന്നിട്ടുള്ള നഷ്ടം നികത്താൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നുമാത്രമല്ല അതിലേക്കുള്ള ഒരു നിർദ്ദേശവും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുമില്ല. ന്യൂ ജനറേഷൻ ബാങ്കുകളുടെ കീഴിൽ സഹകരണ മേഖലയെ അടിയറ വയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ പേരിൽ ഈ മേഖലയെ സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കരുത്. ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ആഗോള-സ്വകാര്യവൽക്കരണങ്ങളുടെ പിൻബലത്തോടെ ഇല്ലാതാക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. റിസർവ് ബാങ്കിന്റെ അധികാരം സഹകരണ പ്രസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുന്നതിനെതിരെയോ ഭരണഘടനാ ഭേദഗതിയിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതിനെതിരെയോ പ്രതികരിക്കാൻ തയ്യാറാകാത്ത സർക്കാരാണിത്.

<u>ശ്രീ. പാലോട് രവി</u>: 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ സംഘങ്ങൾ സാമൂഹ്യ മാറ്റത്തിനുള്ള ഉപകരണമാണെന്ന പ്രാധാന്യം പതിറ്റാണ്ടുകൾക്കുമുമ്പ് നേടിക്കഴിഞ്ഞിട്ടുള്ളതാണ്. ഇന്ത്യയ്ക്കാകെ മാതൃകയായി കേരളത്തിലെ സഹകരണ സംഘങ്ങളിൽ ആഡിറ്റ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ജില്ലാ സഹകരണ ബാങ്കുകൾ കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. കൃഷിക്കാരെ അവഗണിക്കുകയെന്ന ലക്ഷ്യത്തോടെ മറ്റ് മേഖലകളിലേയ്ക്കുംകൂടിയുള്ള നബാർഡിന്റെ ഇടപെടൽ നിയന്ത്രിക്കുന്നതിനുവേണ്ടി അതിശക്തമായ ഇടപെടൽ സംസ്ഥാനത്തുനിന്ന് ആരംഭിക്കണം. കാലഘട്ടത്തിനാവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ജനാധിപത്യ സംവിധാനത്തിന് ബദലായ സാമ്പത്തിക സംവിധാനം എന്ന രീതിയിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിന് കക്ഷി രാഷ്ട്രീയഭേദമെന്യേ യോജിച്ച് പ്രവർത്തിക്കാൻ നാം തയ്യാറാകണം. എന്റെ സംഘം, ആശ്വാസ്, ഉണർവ്വ് എന്നീ പ്രചരണ പരിപാടികൾ സഹകരണ പ്രസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയ്ക്ക് ശക്തി പകർന്നിട്ടുണ്ട്. ഈ ഗവൺമെന്റ് ഏഴാം സഹകരണ കോൺഗ്രസ്സിനോ

ടനുബന്ധിച്ച് സഹകരണ എക്സ്പോ നടത്തിയത് അഭിനന്ദനാർഹമാണ്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ഓഹരി മൂലധന പര്യാപ്തതയാണ് ഭേദഗതി ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. CRAR 4% ആയി നിശ്ചയിച്ചപ്പോൾ ഗവൺമെന്റിന്റെ സഹായമില്ലായിരുന്നുവെങ്കിൽ എട്ട് ബാങ്കുകളുടെ നിലനിൽപ്പ് അവതാളത്തിലാകുമായിരുന്നു. സഹകരണ പ്രസ്ഥാനമെന്ന സമാന്തര സമ്പദ് വ്യവസ്ഥ തകർന്നുപോകാതിരിക്കാൻ സംസ്ഥാന സഹകരണബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും സർക്കാർ സഹായം നൽകണം. നബാർഡിന്റെ വായ്പാ ടാർജറ്റ് പൂർണ്ണമായി ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ബാങ്കിന്റെ നെറ്റ് വർത്ത് കുറയുകയും നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യും. സർക്കാരിൽനിന്നും സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ, കേന്ദ്ര ഫണ്ടുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ ഇടപാടുകൾ എന്നിവയിൽ പൂർണ്ണമായും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കേരളത്തിലെ സഹകരണ സംവിധാനം നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മറ്റ് ബാങ്കുകൾക്ക് നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ നൽകാനും പണമിടപാട് നടത്താനും നടപടി സ്വീകരിക്കണം. മിൽമ, മത്സ്യഫെഡ് എന്നിവയുടെ ഇടപാടുകളും സഹകരണ സ്ഥാപനങ്ങൾ മുഖേനയാക്കണം. സർക്കാർ, അർദ്ധ സർക്കാർ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി റിസർവ്വ് ബാങ്ക് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഇടപാടുകളും സഹകരണ പ്രസ്ഥാനം വഴിയാക്കാൻ നടപടി സ്വീകരിക്കണം. സഹകരണബാങ്കുകളുടെ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക അട്ടിമറിക്കാൻ ശ്രമിച്ചതിനെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘങ്ങളെ പിരിച്ചുവിട്ടിട്ടില്ല. സഹകരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് സംവിധാനം കൊണ്ടുവന്നു. സഹകരണമേഖലയിൽ ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഇടപെടലിനെ സംബന്ധിച്ച് ന്യായമായ തീരുമാനമുണ്ടാകണം. സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ സംബന്ധിച്ചും ജീവനക്കാരുടെ ഡി.എ. യിൽ കുറവു വരുത്തിയത് സംബന്ധിച്ചും പുന:പരിശോധിക്കണം. ജില്ലാസഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നടപ്പിലാക്കിയിരിക്കുന്ന പെൻഷൻ സ്കീമിലെ അപാകതകൾ പരിഹരിച്ച് സഹകരണ സ്ഥാപനങ്ങളിലായി ഈ പദ്ധതി നടപ്പിലാക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ചന്ദ്രന്:</u> 2013-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാവരും സഹകരിച്ചിട്ടുണ്ട്. 1991-നുശേഷം

ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളെ അംഗീകരിച്ചുകൊണ്ട് സഹകരണമേഖലയെ തകർത്ത് സ്വകാര്യമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നയസമീപനങ്ങളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. 1990-നുശേഷം നിലവിൽവന്ന വിവിധ കമ്മിറ്റി റിപ്പോർട്ടുകളും ഭരണഘടനാ ഭേദഗതിയും സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ സഹായകരമായിരുന്നില്ല. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്താനുള്ള റിസർവ് ബാങ്കിന്റെ നയം നടപ്പിലാക്കാനാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. തൊണ്ണൂറ്റിയേഴാം ഭരണഘടനാ ഭേദഗതി നടപ്പിലാക്കണമെന്നത് നിർബന്ധമാണ്. നൂറ്റിപ്പതിനൊന്നാം ഭേദഗതിയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ കണക്കിലെടുക്കാതെ ആർക്കും സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്ന സ്ഥിതിവിശേഷം നിലവിലുള്ള സഹകരണസംഘങ്ങളുടെ നിലനിൽപ്പിനെ ബാധിക്കും. സഹകരണ സംഘങ്ങളിൽ ആഡിറ്റർമാരെ നിശ്ചയിക്കുന്നതിന് ജനറൽ ബോഡി കൂടണമെന്നതും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള സ്ഥാപനങ്ങൾ മാത്രമേ ബാങ്കിംഗ് ബിസിനസ്സ് നടത്താൻ പാടുള്ളൂവെന്നുമുള്ള വ്യവസ്ഥകൾ ബുദ്ധിമുട്ട് ഉണ്ടാക്കുന്നവയാണ്. സഹകരണ മേഖലയിൽ മെച്ചപ്പെട്ട നിലയിൽ നടത്തിയിരുന്ന സംഭരണ പ്രവർത്തനങ്ങളുൾപ്പെടെയുള്ളവ ഇനി തുടരാൻ പാടില്ലെന്ന സ്ഥിതി വന്നിരിക്കുകയാണ്.

സഹകരണവും ഖാദി-ഗ്രാമവ്യവസായും വകുപ്പുമന്ത്രി (<u>ശ്രീ. സി. എന്‍. ബാലകൃഷ്ണന്‍):</u> കേരളത്തില്‍ സഹകരണമേഖലയില്‍ പ്രവര്‍ത്തിക്കുന്ന മിക്കവാറും സഹകാരികളുമായി ഈ ഭേദഗതി സംബന്ധിച്ച് ചര്‍ച്ചചെയ്തിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കുകളിലെയും മൂലധന പര്യാപ്തത നിലനിര്‍ത്തുന്നതിനും കൂടുതല്‍ നിക്ഷേപകരെ ആകര്‍ഷിക്കുന്നതിനും വേണ്ടിയാണ് ഈ ഭേദഗതികള്‍ കൊണ്ടുവന്നത്. കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷം വരുന്ന സമീപനം സ്വീകരിക്കരുതെന്ന് കേന്ദ്രഗവണ്‍മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. താഴെത്തട്ടിലുള്ള സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികള്‍ ശക്തമായിത്തന്നെ സ്വീകരിക്കുന്നതാണ്. ബില്‍ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യര്‍ത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികള്‍ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിന്‍വലിക്കുകയോ ചെയ്തു.

2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്‍ ഭക്ഷ്യവും സിവില്‍സപ്ലൈസും സഹകരണവും സംബന്ധിച്ച പതിനൊന്നാം നമ്പര്‍ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) **2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം സംബന്ധിച്ച വ്യവസ്ഥകൾ ഏകീകൃതമല്ല. എന്നാൽ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് 1996-ലെ കണ്ണൂർ

സർവ്വകലാശാല ആക്ടിലെ ആറാം വകുപ്പിലെ വ്യവസ്ഥകൾ കൂടുതൽ വ്യക്തമാണെന്ന് സർക്കാർ കരുതുന്നതിനാലാണ് പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല ആക്ടുകൾ ഭേദഗതി ചെയ്യാൻ തീരുമാനിച്ചത്. കേരള നിയമസഭ സമ്മേളനത്തിലില്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം അടിയന്തരമായി നടപ്പിലാക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നതിനാലുമാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

ശ്രീ. ആർ. രാജേഷ് : I move that - " This House resolves to disapprove The University Laws (Second Amendment) Ordinance, 2013 (Ordinance No. 50 of 2013)" സർവ്വകലാശാലയുടെ അദ്ധ്യാപക/ അനദ്ധ്യാപക നിയമനങ്ങളിൽ സംവരണം പാലിക്കപ്പെടണമെന്നുള്ളത് പൊതുവിൽ അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ സർവ്വകലാശാലകളിൽ നിയമനങ്ങൾ നടക്കുമ്പോൾ സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ് വസ്തുത. ഇതുമൂലം സമൂഹത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സർവ്വകലാശാലകളിൽ നിയമനം ലഭിക്കുന്നതിനുള്ള സാധ്യതകൾ ഇല്ലാതാകുന്നു. മറ്റ് സർവ്വകലാശാലകളിൽക്കൂടി ഈ നിയമം നിർബന്ധമാക്കു ന്നതിനുള്ള നിയമ നിർമ്മാണം നടത്തണം. സർവ്വകലാശാലകളെ

സംരക്ഷിക്കാനും അതിന്റെ ജനാധിപത്യ സ്വഭാവം നിലനിർത്താനും ഗവൺമെന്റിന് കഴിയുന്നില്ല. സർവ്വകലാശാലകൾ കേവലം ബിരുദദാനത്തിനു വേണ്ടി മാത്രമല്ല, ഭാഷയേയും നാടിനെയും സംസ്കാരത്തെയുമൊക്കെ പരിചയപ്പെടുത്തുകയും സാമൂഹ്യമാറ്റത്തിന് വഴിതെളിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങൾ കൂടിയാണ്. കേരള സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനത്തിന് യോഗ്യതയില്ലാത്ത സംഘടനാ പ്രതിനിധികളെ പരിഗണിച്ചാൽ അതിനെതിരെ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കും. സംവരണം അട്ടിമറിച്ചുകൊണ്ട് കോളേജുകൾക്ക് സ്വയംഭരണാവകാശം കൊടുക്കാനുള്ള സർക്കാരിന്റെ തീരുമാനം പുന:പരിശോധിക്കണം. അക്കാദമിക് ഓട്ടോണമി എന്ന പേരിൽ മാനേജീരിയൽ ഓട്ടോണമി നടപ്പിലാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ അതിശക്തമായി എതിർക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം ലഭ്യമാക്കുന്നതിനായി വകയിരുത്തിയ 116 കോടി രൂപ ചെലവഴിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം.

ശ്രീ. ഇ.കെ. വിജയൻ : നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. മാനവികതയ്ക്കും സഹിഷ്ണുതയ്ക്കും പുരോഗമന ആശയങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടായിരിക്കണം സർവ്വകലാശാലകൾ പ്രവർത്തിക്കേണ്ടത് എന്ന ആശയത്തിന് വിരുദ്ധമായി കച്ചവട താത്പര്യങ്ങൾക്ക് മുൻതൂക്കം

കൊടുത്തുകൊണ്ടുള്ള ഒരു നയമാണ് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സർവ്വകലാശാലകൾ സ്വീകരിക്കുന്നത്. ഭരണകൂടത്തിന്റെ താത്പര്യങ്ങൾ അടിച്ചേൽപ്പിക്കുന്ന ഭരണ സംവിധാനമായി മാറ്റാതെ അക്കാദമിക് മികവിന്റെയും അറിവിന്റെയും കേന്ദ്രങ്ങളാക്കി സർവ്വകലാശാലകളെ മാറ്റണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിയും സർവ്വകലാശാലയും തമ്മിൽ വേർതിരിവുണ്ടാകണം. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണം. പ്രൊഫഷണൽ കോളേജുകളിൽ ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ടു നടക്കുന്ന അഴിമതിക്ക് പരിഹാരം കണ്ടെത്തുന്നതോടൊപ്പം കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുകയും ചെയ്യണം. സംസ്ഥാനത്തെ കോളേജുകൾക്ക് ആട്ടോണമസ് പദവി കൊടുത്ത് വിദ്യാഭ്യാസനിലവാരം വർദ്ധിപ്പിക്കണം. ഫീസ് വർദ്ധനവുമൂലം പാവപ്പെട്ട കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കണം. സർവ്വകലാശാലകളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ

സർവ്വകലാശാല ആക്റ്റുകളിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിലെ വ്യവസ്ഥകൾ ഏകീകൃതമല്ലാത്തതിനാലും പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കവിഭാഗത്തിൽപ്പെടുന്നവരുടെ അവസരങ്ങൾ നഷ്ടപ്പെടുന്നതിനോട് യോജിപ്പില്ലാത്തതുകൊണ്ടുമാണ് സർക്കാരിനെ ഇത്തരമൊരു ബിൽ കൊണ്ടുവരാൻ പ്രേരിപ്പിച്ചത്. മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി, തിരൂരിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്നിവ യാഥാർത്ഥ്യമാക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ സർവ്വകലാശാല ആക്ടിന്റെ നാൽപ്പതാം വകുപ്പിലെ ഒരു അവ്യക്തതയാണ് ഈ ഭേദഗതി ബില്ലിൽക്കൂടി പരിഹരിക്കപ്പെടുന്നത്. അയ്യങ്കാളിയുടെ സമുദായത്തിൽനിന്നും കേരള സർവ്വകലാശാലയിൽ ഒരു പ്രോ-വൈസ്ചാൻസലറെ ആദ്യമായി നിയമിച്ചത് ഈ സർക്കാരാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾക്കനുസൃതമായി സർവ്വകലാശാലകളിൽ ഘടനാപരമായ മാറ്റങ്ങളുണ്ടാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. സർവ്വകലാ ശാലകളുടെ R & D വിഭാഗം ശക്തിപ്പെടുത്തേണ്ടതുണ്ട്. ആട്ടോണമസ് പദവി ഇല്ലാത്തതിനാൽ പല കോളേജുകൾക്കും കേന്ദ്രസഹായം ലഭ്യമാകാത്ത സ്ഥിതിയുണ്ട്. മെഡിക്കൽ

കോളേജുകളില്ലാത്ത ജില്ലകളിൽ സർക്കാർ മെഡിക്കൽ കോളേജുകൾ കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞു. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്ന നടപടിയെ എതിർക്കുന്ന പ്രതിപക്ഷം ഭാവിയിൽ ഇതിനെ അംഗീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സർക്കാർ കോളേജുകളുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി 15 കോടി രൂപ മാറ്റിവച്ച നടപടി സ്വാഗതാർഹമാണ്. സർക്കാർ കോളേജുകളുടെയും എയ്ഡഡ് കോളേജുകളുടെയും അക്കാദമിക നിലവാരവും ഇൻഫ്രാസ്ട്രക്ച്ചർ നിലവാരവും ഉയർത്താൻ കഴിയണം.

<u>ശ്രീ. എ. എം. ആരിഫ്</u>: 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ആക്റ്റിന്റെ ഏഴാം വകുപ്പിലും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ നാല്പതാം വകുപ്പിലും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ ആറാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിലുമുള്ള വ്യവസ്ഥകൾക്കനുസൃതമായ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചിരിക്കുന്നു എന്നാണ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽനിന്ന് വ്യക്തമാകുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന് നിശ്ചയദാർഢ്യമുണ്ടായിരുന്നുവെങ്കിൽ നിയമ നിർമ്മാണ വേളയിൽത്തന്നെ ഭേദഗതിക്ക് ഇടവരാത്തവിധം വ്യവസ്ഥകൾ

ചേർക്കാമായിരുന്നു. സംസ്ഥാനത്ത് സർവ്വകലാശാലകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ലോകത്തിലെ ഉന്നതനിലവാരം പുലർത്തുന്ന 200 സർവ്വകലാശാലകളിൽ ഒന്നുപോലും നമ്മുടെ രാജ്യത്തിന്റേ തായിട്ടില്ല എന്നത് ഗൗരവപൂർവ്വം നാം കാണണം. അദ്ധ്യാപകരെ ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ കഴിയണം. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുമ്പോൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇന്നത്തെ നിലവാരത്തകർച്ചയെക്കുറിച്ച് ചിന്തിക്കണം. സ്വയംഭരണാവകാശം നൽകുന്നതുമൂലം വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന അപകടകരമായ സ്ഥിതി വിശേഷം സംബന്ധിച്ച് ഗൗരവമേറിയ പഠനം നടത്തണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് സമീപകാലത്തുണ്ടായിട്ടുള്ള സംഭവങ്ങൾ അങ്ങേയറ്റം അപലപനീയമാണ്. സർവ്വകലാശാലകളിലെ ഭരണം സുഗമമായി നടക്കാത്തതിന്റെ ദുരന്തഫലം വിദ്യാർത്ഥികൾ അനുഭവിക്കേണ്ടിവരികയാണ്. വിദ്യാഭ്യാസമേഖലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിൽനിന്നും സർക്കാർ ഒഴിഞ്ഞു മാറുന്നത് ശരിയല്ല. നൂതന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമ്പോഴുള്ള ആശങ്കകൾ ദൂരീകരിക്കാൻ വിദ്യാർത്ഥി സമൂഹവുമായി ചർച്ചയ്ക്ക് തയ്യാറാകണം. വൈസ്ചാൻസലർമാരുടെ നിയമനത്തിന്മേലുള്ള രാഷ്ട്രീയ അതിപ്രസരം തടയേണ്ടതാണ്. പതിമൂന്ന് കോളേജുകൾക്ക്

സ്വയംഭരണാവകാശം നൽകിയതിന്മേൽ വിവിധ കോണുകളിൽനിന്നും വിമർശനം ഉയർന്നുവന്നത് പരിശോധിക്കേണ്ടതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി. കെ. അബ്ദു റബ്ബ്): എല്ലാ സർവ്വകലാശാലകളിലും ഒരേ രീതിയിലുള്ള നിയമനവും സംവരണവും ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. സർവ്വകലാശാലകളിലെ സ്റ്റാന്റിംഗ് കൗൺസിൽ നിയമനത്തിൽ സർക്കാർ ഇടപെടേണ്ട ആവശ്യമില്ല. ബി.എഡ്. സെന്ററുകളുടെ അഫിലിയേഷൻ പിൻവലിച്ചത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർവ്വകലാശാല വൈസ്ചാൻസലർമാരെ നിയമിക്കുന്നതു സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടിൽ വ്യക്തമായി ഒന്നും പറയുന്നില്ല. കോഴിക്കോട് സർവ്വകലാശാലയിലെ പ്രോ വൈസ്ചാൻസലറുടേയും മറ്റുള്ളവരുടേയും യാത്രകളെ സംബന്ധിച്ച് ഉയർന്നുവന്ന പരാതിയിന്മേൽ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. സർവ്വകലാശാലകളും അതിനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങളും ബന്ധപ്പെട്ട ആക്ടും സ്റ്റ്യാറ്റ്യൂട്ടും അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. എന്.ആർ മാധവമേനോൻ കമ്മീഷൻ റിപ്പോർട്ടിന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് 400 കോളേജുകളിൽ നിന്നും രണ്ട് സർക്കാർ കോളേജുകളേയും പതിനൊന്ന് എയ്ഡഡ് കോളേജുകളേയും സ്വയംഭരണാവകാശ കോളേജുകളായി തെരഞ്ഞെടുത്തത്. അവയുടെ

അക്കാദമിക് ആട്ടോണമിയിൽ യു.ജി.സി. യുടേയും സർവ്വകലാശാലയുടേയും നിയന്ത്രണങ്ങളുണ്ട്. എല്ലാ സ്കൂളുകൾക്കും സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അംഗീകാരമില്ലാത്ത സംസ്ഥാന സിലബസ് സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തത്. കേന്ദ്രസർക്കാരിന്റെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പുതിയ പദ്ധതിയായ 'റൂസ'യുടെ ഫണ്ടിൽനിന്നും സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്കുമാത്രമേ സഹായം ലഭിക്കുകയുള്ളൂ. സർവ്വകലാശാല വൈസ്ചാൻസലർമാരുടെ നിയമന നടപടിക്രമങ്ങളിൽ ഈ ഗവൺമെന്റ് മാറ്റം വരുത്തിയിട്ടില്ല. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്വയംഭരണാവകാശം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് തെരഞ്ഞെടുത്ത എയ്ഡഡ് കോളേജുകൾ കോഴ വാങ്ങുന്നുവെന്നുള്ളത് സംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ നടപടിയെടുക്കുന്നതാണ്. എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുൾപ്പെടെ യൂണിഫോം നൽകുന്നതിനായി നല്ല രീതിയിൽ പ്രവർത്തിക്കുന്ന കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. സ്കൂൾ അടയ്ക്കുന്നതിനുമുമ്പുതന്നെ യൂണിഫോം വിതരണം ചെയ്യുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.18-ന് പിരിഞ്ഞു.

********************